**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4840** **13-03-2023 - ൽ മറുപടിയ്ക്ക്**

**ഇതര സംസ്ഥാന ഫൈബർ വള്ളങ്ങൾ ഉൾനാടൻ മേഖലകളിൽ നടത്തുന്ന മത്സ്യബന്ധനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ സി ആർ മഹേഷ്** | | **ശ്രീ സജി ചെറിയാൻ (മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | ഇതര സംസ്ഥാന ഫൈബർ വള്ളങ്ങൾ നിരോധിത വലകൾ ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്നത് ട്രോളിംഗ് കാലയളവിന് ശേഷം ലഭിക്കേണ്ട മത്സ്യസമ്പത്തിനെ ദോഷകരമായി ബാധിക്കുമെന്നതിനാൽ ആയത് തടയുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | ഇതര സംസ്ഥാന ഫൈബർ വള്ളങ്ങൾ നിരോധിത വലകൾ ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അനധികൃതമായി നിരോധിത വലകൾ ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുകയാണെങ്കിൽ അത്തരം യാനങ്ങൾക്കെതിരെ കെ.എം.എഫ്.ആർ ആക്ടിലേയും റൂളിലേയും ബന്ധപ്പെട്ട വകുപ്പുകളുടെ അടിസ്ഥാനത്തിൽ ഉയർന്ന പിഴ ഈടാക്കുന്നതുൾപ്പെടെയുള്ള കർശനമായ ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | ഉൾനാടൻ മത്സ്യബന്ധന മേഖലകളിൽ ഇതര സംസ്ഥാന കൊട്ട വഞ്ചിക്കാർ മത്സ്യബന്ധനം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് നിയന്ത്രിക്കുന്നതിന് എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (ബി) | ഉണ്ട്. ഇത്തരത്തിൽ മൽസ്യബന്ധനം നടത്തിയതായി കണ്ടെത്തിയ വ്യക്തികളുടെ മൽസ്യബന്ധന യാനങ്ങളും, വലയും പിടിച്ചെടുക്കുകയും അവരിൽ നിന്ന് കേരള സംസ്ഥാന ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ആക്ട് 2010, കേരള സംസ്ഥാന ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും (ഭേദഗതി) ആക്ട്, ചട്ടങ്ങൾ എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പിഴ ഈടാക്കുകയും ചെയ്യുന്നുണ്ട്. കേരളത്തിലെ ഉൾനാടൻ ജലാശയങ്ങളിൽ മത്സ്യബന്ധനം നടത്തുന്നതിന് മത്സ്യത്തൊഴിലാളികൾക്ക്, യാനങ്ങളും വലകളും രജിസ്ട്രേഷൻ, ലൈസൻസ് എന്നിവയും ആവശ്യമാണ്. ഇത്തരത്തിൽ രജിസ്ട്രേഷൻ, ലൈസൻസ് ഇല്ലാത്തവക്കെതിരെ നിയമ പ്രകാരം നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. കേരള സംസ്ഥാന ഉൾനാടൻ ഫിഷറീസ് അക്വാകൾച്ചർ ആക്ട്, ചട്ടങ്ങളിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിനും നിയമപരമല്ലാത്ത മൽസ്യബന്ധനരീതികൾ കണ്ടെത്തി നടപടി സ്വീകരിക്കുന്നതിനും കായൽ പെട്രോളിങ്ങ് ഫലപ്രദമായ രീതിയിൽ തുടർച്ചയായി നടത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ